## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T800 11.06.2014 ൽ മറുപടിയ്ക്ക്

**മുല്ലപ്പെരിയാർ കേസ്സിലെ സുപ്രീംകോടതി വിധി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാർ കേസ്സുമായി ബന്ധപ്പെട്ട സുപ്രീംകോടതിയുടെ വിധിപ്പകർപ്പ് സർക്കാരിന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | | ഉണ്ട്. സുപ്രീംകോടതി വിധിപ്പകർപ്പ് **അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (ബി) ഈ വിധിയിൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ എന്തെല്ലാം പരാമർശങ്ങളാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | 07.05.2014-ൽ മുല്ലപ്പെരിയാർ കേസിന്റെ അന്തിമവിധിന്യായം ബഹു: സുപ്രീംകോടതിയുടെ ഭരണഘടനാബെഞ്ച് പുറപ്പെടുവിക്കുകയുണ്ടായി. അതിൽ സംസ്ഥാന താല്പര്യത്തെ ഹനിക്കുന്ന പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി നിയമം മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ ബാധകമാക്കുന്നതു ഭരണഘടനാവിരുദ്ധമാണ്.<br><br>2. ഡാമിലെ ജലനിരപ്പ് 142 അടിയിലേയ്ക്കു ഉയർത്തുന്നതിനും ഡാമിന്റെ |

അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ നിന്നും തമിഴ്നാടിനെ കേരളം തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ല.

3. 1886-ലെ പാട്ടക്കരാർ നിയമപരമായി നിലനിൽക്കുന്നു.

4. പെരിയാർ അന്തർസംസ്ഥാന നദിയല്ലെന്നുള്ള വാദം കോടതി തള്ളി.

5. തമിഴ്നാട്ടുമായി പരസ്പരധാരണയിൽ എത്തുന്ന സാഹചര്യത്തിൽ കേരളം ആവശ്യപ്പെട്ടതുപോലെ പുതിയ ഡാം പണിയാവുന്നതാണ്.

6. ബഹു: ഭരണഘടനാബെഞ്ചിന്റെ വിധി അന്തിമവും നിയമപരമായി നടപ്പാക്കേണ്ടതുമാണ്.

7. ഡാം ഹൈഡ്രോളജിക്കലായും സീസ്മിക്കലായും സ്ട്രക്ചറലായും സുരക്ഷിതമാണ്.

| | | |
|---|---|---|
| (സി) ഇവ മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | സുപ്രീംകോടതി വിധി വന്നശേഷം ഈ വിഷയത്തിൽ ഭാവിയിൽ കൈക്കൊള്ളേണ്ട നടപടികൾ ചർച്ചചെയ്യുന്നതിനായി ബഹു:മുഖ്യമന്ത്രിയുടെ ആദ്ധ്യക്ഷതയിൽ 12.05.2014 - ൽ സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. ഈ ചർച്ചയിൽ പൊതുവേ ഉണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ |

ബഹു: സുപ്രീംകോടതിയിൽ
പുന:പരിശോധന ഹർജി ഫയൽ
ചെയ്യുവാനുള്ള നടപടിക്രമങ്ങൾ
നടന്നുവരികയാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്